# ആനവണ്ടിയുടെ വരവ്

റഫീക് അഹമ്മദ്



കരിയപ്പനെക്കുറിച്ചൊരു കഥയുണ്ട്. ആശാന് കണ്ണും ചെവിയും കമ്മിയാണല്ലോ. ആയതിനാൽ ഇഷ്ടന്റെ കഷണ്ടിത്തലയ്ക്കു ഒത്തമുകളിൽ ഒരു ചെറിയ ചൂറ്റിക ചരടിൽ കോർത്തിട്ടിരിക്കുകയാണത്രെ. ചരടിന്റെ മറ്റേ അറ്റം പതുക്കെ വലിക്കുന്നു. ചൂറ്റിക ഡ്രൈവർ കരിയപ്പന്റെ കഷണ്ടിത്തലയിൽ ഒരു പ്രാവശ്യം ഞോണ്ടുന്നു. കരിയപ്പൻ വണ്ടി നിർത്തുന്നു. ആളിറക്കവും കയറ്റവും കഴിഞ്ഞ് ചരട് രണ്ടുപ്രാവശ്യം വലിക്കപ്പെടുന്നു. കഷണ്ടിത്തലയിൽ രണ്ടു ഞോടൽ. വണ്ടി നീങ്ങാൻ തുടങ്ങുന്നു.

കമാരൻ വൈദ്യർ വൈദ്യശാലയിലേക്കു തിരക്കിട്ട് നടക്കുകയാണ്. ഇന്ന് ഇത്തിരി വൈകിയിരിക്കുന്നു. അദ്ദേഹമാണ് നാട്ടിലെ ഏക ഭിഷഗ്വരൻ. വൈദ്യശാലയിൽ രോഗികൾ അക്ഷമരായിട്ടുണ്ടാകും. വൈദ്യരെക്കണ്ട് എസ്. എം. എസ് നിന്നു. അച്ചമ്മാൻ തല പുറത്തേക്കിട്ട് വിളിച്ചു ചോദിച്ചു:

വൈദ്യരേ..........വര്വാ.........കേറ്വാ....

ഇല്ല്യ. വൈദ്യർ പറഞ്ഞു. ഇസ്സ് ഇത്തിരി തെരക്ക്ണ്ട്. ഞാൻ നടന്നോളാം.

> ചൂറ്റിക കരിയപ്പന്റെ കഷണ്ടിത്തലയിൽ ഒരു പ്രാവശ്യം ഞോണ്ടുന്നു. വണ്ടി നിർത്തുന്നു. ആളിറക്കവും കയറ്റവും കഴിഞ്ഞ് ചരട് രണ്ടുപ്രാവശ്യം വലിക്കപ്പെടുന്നു. കഷണ്ടിത്തലയിൽ രണ്ടു ഞോടൽ. വണ്ടി നീങ്ങാൻ തുടങ്ങുന്നു.

അപ്പുട്ടേട്ടൻ ഏതോ സായിപ്പിന്റെ ബട്ട്ലറായിരുന്നു മദ്രാസ്സിൽ. സായിപ്പ് കതിരപ്പന്തയത്തിൽ വലിയ ഭ്രാന്തുള്ള ഒരാൾ. കുതിരപ്പന്തയത്തിലുള്ള ഈ ഭ്രാന്താണത്രെ സായിപ്പിനെ കുത്തുപാളയെടുപ്പിച്ചത്. അപ്പുട്ടേട്ടൻ തന്നെ പറഞ്ഞതാണിത്. എന്നാലോ കുതിരപ്പന്തയം കൊണ്ടുതന്നെ അപ്പുട്ടേട്ടൻ വലിയ ധനികനായി. അസൂയക്കാർ പല കഥകളും മെനഞ്ഞുണ്ടാക്കി. അപ്പുട്ടേട്ടൻ മദ്രാസ്സിൽ പപ്പടക്കമ്പനി തുടങ്ങി. നാട്ടിലെ പല ചെറുപ്പക്കാരെയും ഇന്ന് 'ചെന്നായ്' എന്നറിയപ്പെടുന്ന പഴയ മദിരാശിയിലേക്കു കൊണ്ടുപോയി. ഒരാഴ്ച നിന്നവർ, മാസങ്ങൾ, വർഷങ്ങൾ നിന്നവർ, തീരെ വരാതായവർ, തമിഴ്നാട്ടുകാരായി പരിണമിച്ചവർ അങ്ങനെ ഏറേപ്പേർ. എങ്കിലോ പോയി മടങ്ങിവന്നവർക്കെല്ലാം വിവരമുണ്ടായി. തമിഴ് പേശാൻ പഠിച്ചു. കുന്നങ്കുളവും തൃശ്ശൂരും അല്ല ഇന്ത്യ, അത് മദ്രാസ്സാണ് എന്ന മനസ്സിലാക്കി. എക്സ്-മദിരാശിക്കാർ തമ്മിൽ മുറിത്തമിഴിൽ പേശി. തമിഴ് പേശും പടങ്ങൾ കണ്ടു. തമിഴ് ചലച്ചിത്രഗാനങ്ങൾ മൂളിനടന്നു. ചിലരെല്ലാം വീട്ടിൽ എം. ജി. രാമചന്ദ്രന്റെ ബഹുവർണ കലണ്ടർചിത്രങ്ങൾ ഒട്ടിച്ചുവച്ചു. വാസുവും ഒന്നരണ്ടു മാസം മദ്രാസ്സിൽ നിന്നവനാണ്. നാട്ടിലെ അംഗീകൃത ട്രാൻസലേറ്ററായി അക്കാലത്ത് വാസു തിളങ്ങി.

എസ്. എം. എസ് മാത്രമായിരുന്നു നാട്ടിലെ ഏക വാഹനം എന്നു പറഞ്ഞുവല്ലോ. കൂടാതെ കാളവണ്ടികൾ, ഇടയ്ക്കെപ്പോഴെങ്കിലും കടന്നുപോകുന്ന ചരക്കുലോറികൾ, പിന്നെ അപൂർവ്വമായി കാറുകളും. ഗ്രാമം ഉത്തരോത്തരം പുരോഗമിക്കുകയായിരുന്നു. ആയിടയ്ക്കാണ് സർക്കാര് വക ആനവണ്ടിയുടെ വരവ്. അതിൽ കയറുന്നത് ഇത്തിരി ഗമയുള്ള കാര്യമായിരുന്നു. തങ്ങൾ കൂടി സർക്കാരിന്റെ, അധികാര്‌വ്യവസ്ഥയുടെ ഭാഗമാണെന്ന തോന്നൽ യാത്രികർക്കുണ്ടാവും വിധമുള്ള ഒരന്തരീക്ഷം ബസ്സിനകത്ത് തങ്ങിനിന്നു. അതിൽ കയറിയിരിക്കുന്നവർ അധികമൊന്നും സംസാരിച്ചിരുന്നില്ല. അധികമാരും കയറാനും ധൈര്യപ്പെട്ടില്ല. പോലീസ് ഗോവിന്ദൻനായര് കൂടി അതിൽ കയറാൻ ധൈര്യപ്പെട്ടില്ല. നഗരത്തിൽ ജോലിയുള്ള ജോർജ്ജ്, ഏലിയാസച്ചൻ ഇ



ങ്ങനെ അപൂർവം ആളുകൾ മാത്രം അതിൽ നാട്ടിൽനിന്നുള്ള യാത്രക്കാർ. ഒരിക്കൽ എങ്ങനെയോ അതിനകത്ത് കയറിപ്പറ്റിയ കള്ളുകുടിയൻ ശങ്കരൻ കലപിലാന്ന് വർത്തമാനം തുടങ്ങിയപ്പോൾ ഏലിയാസച്ചൻ പറഞ്ഞു: "ശ്.....ശ്...... മിണ്ടാതിരിക്ക്-സർക്കാര് വക വണ്ടിയാ...." ഏലിയായസച്ചന്റെ പ്രഖ്യാപനത്തോടെ ആനവണ്ടിയെ ചുറ്റിപ്പറ്റിയുള്ള അഗമ്യതയ്ക്ക് ആധികാരികമായ ഒരു ഭാവം ലഭിക്കുകയുണ്ടായി. അതിലെ കണ്ടക്ടറാകട്ടെ സാറാണ്. ഡ്രൈവറും സാറ് തന്നെ. രണ്ട് പേരും ഗൗരവക്കാർ. കോട്ടയം ശൈലിയിലായിരുന്നു അവരുടെ സംഭാഷണം. പല നിറങ്ങളിലുള്ള ടിക്കറ്റുകൾ കണ്ടക്ടറുടെ കൈവശമുണ്ടായിരുന്നു. ഇത്തരം ടിക്കറ്റുകളുടെ ഒരു വൻശേഖരം ഇന്ന് എഞ്ചിനീയറായി ഒറീസ്സയിൽ കഴിയുന്ന ചന്ദ്രശേഖരൻ ഒരു അമൂല്യനിധിയായി സൂക്ഷിച്ചിരുന്നു.

എസ്. എം. എസ്സിൽ ടിക്കറ്റില്ല. അതിന്റെ മുതലാളിയും തൊഴിലാളിയുമെല്ലാം അച്ചമ്മാൻ തന്നെയായിരുന്നു എന്നു തോന്നുന്നു. അഥവാ ആ ബസ്സിന്റെ ഉല്പത്തി രഹസ്യം അറിഞ്ഞവർ ആരുണ്ട്? ഒന്നു മാത്രം ഏവരും അറിഞ്ഞു: എസ്. എം. എസ് ബസ്സ് എന്നാൽ അച്ചമ്മാനാകുന്നു. അച്ചമ്മാന്റെ ഊണും ഉറക്കവുമെല്ലാം ബസ്സിൽ തന്നെയായിരുന്നു.

*(തുടരും)*